പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 746

13.06.2012-ൽ മറുപടിയ്ക്ക്

## ഗുരുവായൂർ ക്ഷേത്ര സുരക്ഷ

ചോദ്യം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) ഗുരുവായൂർ ക്ഷേത്ര സുരക്ഷ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;<br><br>(ബി) എന്തെല്ലാം കാര്യങ്ങളാണ് ഗുരുവായൂർ ക്ഷേത്ര സുരക്ഷയ്ക്ക് വേണ്ടി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | ഉണ്ട്. സുരക്ഷ ജീവനക്കാരുടെ പരിശീലനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദേവസ്വത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് 53 ജീവനക്കാർക്ക് കേരളാ പോലീസിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്, 4 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു, എഴുന്നെള്ളിപ്പ് സമയത്തല്ലാതെ ക്ഷേത്ര മതിൽക്കെട്ടിനുള്ളിൽ ആനകളെ തളക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ദേവസ്വം ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു, ഭക്തജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് റിവേഴ്സ് ഓസ്മോസിസ് പ്ലാൻറ് സ്ഥാപിച്ചു, നിവേദ്യ കൗണ്ടറിലെയും പ്രസാദ ഊട്ടിലെയും ശുദ്ധത ഉറപ്പുവരുത്തുന്നതിന് ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചു, പോലീസിന്റെ പ്രത്യേക കൺട്രോൾ റൂം സ്ഥാപിച്ചു, ക്ഷേത്രത്തിലും പരിസരത്തും 92 സി.സി.ടിവി ക്യാമറകളും സ്ഥാപിച്ചു, ക്ഷേത്രത്തിലും ഇതര ദേവസ്വം സ്ഥാപനങ്ങളിലും ഫയർ എക്സ്റ്റിംഗുഷറുകൾ സ്ഥാപിച്ചു. കൂടാതെ ഫയർ ഹൈഡ്രൻറുകൾ, ഫയർ പമ്പ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്ര മതിൽക്കെട്ടിനുള്ളിലെ തിരക്ക് കുറക്കുന്നതിന്റെ ഭാഗമായി കുഞ്ഞുങ്ങളുടെ ചോറൂണ് സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെമ്പിൾ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ